**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4083** **28-06-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ വകുപ്പിലെ ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിലെ ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ആരോഗ്യവകുപ്പിൽ ഇ.സി.ജി. ടെക്നീഷ്യൻമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കാര്യത്തിൽ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേക്ക് അയച്ച പ്രൊപ്പോസലുകളിൽ തുടർനടപടി എന്തായെന്ന് വിശദമാക്കാമോ; | (ബി) | ആരോഗ്യവകുപ്പിൽ ഇ.സി.ജി. ടെക്നീഷ്യൻമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കാറ്റഗറി നമ്പർ 128 / 2018 ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിയ്ക്കാനിരിക്കുന്നതിനാൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള അൻപത്തിയാറ് തസ്തികയ്ക്ക് വേണ്ടിയുള്ള പ്രൊപ്പോസലിൽ ധനവകുപ്പിന്റെ അംഗീകാരം വേഗത്തിലാക്കാൻ വകുപ്പ് നടപടി സ്വീകരിക്കാമോ; | (സി) | ആരോഗ്യവകുപ്പിൽ ഇ.സി.ജി. ടെക്നീഷ്യൻമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | സർക്കാർ ഇ.സി.ജി. ടെക്നീഷ്യൻ കോഴ്സ് നിർത്തലാക്കിയതിനാൽ ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഇനിയൊരു പരീക്ഷ എഴുതാൻ സാധിക്കുകയില്ല എന്നതിനാൽ ഈ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയിൽ ഒരു ജില്ലയിലും ഒഴിവ് നിലവിലില്ല. നിയമന ഉത്തരവ് നൽകിയ ഒരു ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടില്ല. ടി ഒഴിവ് എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ